# കേരള സർക്കാർ

## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്

**2019 നവംബർ 28 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ജില്ലാ കേരളോത്സവത്തിന് (നവംബർ 30) നാളെ തുടക്കമാവും

ജില്ലാ കേരളോത്സവം 2019 ന്റെ ഉദ്ഘാടനം നാളെ (നവംബർ 30) രാവിലെ പത്തിന് കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽ കുമാർ നിർവഹിക്കും. തൃശൂർ എഞ്ചിനീയറിംഗ് കോളേജിലെ നടക്കുന്ന കായിക മത്സരങ്ങൾ ആണ് മന്ത്രി ഉദ്ഘാടനം ചെയ്യുക. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സി വി പാപ്പച്ചൻ മുഖ്യാതിഥിയാകും. സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ അഫ്സൽ കുഞ്ഞുമോൻ കേരളോത്സവ സന്ദേശം നൽകും.

ഡിസംബർ അഞ്ചിന് രാവിലെ 10 മണിക്ക് സ്റ്റേജിതര മത്സരങ്ങളുടെ ഉദ്ഘാടനം അയ്യന്തോൾ ജില്ലാ പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ പ്രൊഫ. കാവുമ്പായി ബാലകൃഷ്ണൻ നിർവഹിക്കും. കലാമത്സരങ്ങളുടെ ഉദ്ഘാടനം ഡിസംബർ ഏഴിന് രാവിലെ 10 മണിക്ക് തൃശൂർ ബാനർജി ക്ലബിൽ ഗവ ചീഫ് വിപ് അഡ്വ കെ രാജൻ നിർവഹിക്കും. സംസ്ഥാന യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി ബിജുവും സിനിമാതാരം ജസ്നിയ ജയദീഷും മുഖ്യാതിഥികളാകും. സമാപന സമ്മേളനം ഡിസംബർ എട്ടിന് വൈകീട്ട് അഞ്ചിന് തൃശൂർ ബാനർജി ക്ലബ്ബിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. ടി എൻ പ്രതാപൻ എം പി മുഖ്യാതിഥിയാകും. വിജയികൾക്കുള്ള സമ്മാന ദാനം കോർപറേഷൻ മേയർ അജിത വിജയൻ, ജില്ലാ കളക്ടർ എസ് ഷാനവാസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയ പ്രകാശ്, സംസ്ഥാന യുവജന ക്ഷേമ ബോർഡ് അംഗം അഫ്സൽ കുഞ്ഞുമോൻ എന്നിവർ നിർവഹിക്കും. സ്റ്റേജിതര മത്സരങ്ങൾ തൃശ്ശൂർ ഗവ എഞ്ചിനീയറിംഗ് കോളേജ്, കോർപറേഷൻ സ്റ്റേഡിയ, ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, ഇൻഡോർ സ്റ്റേഡിയം, അക്വാറ്റിക്സ് എന്നിവിടങ്ങളിൽ നടക്കും. കലാമത്സരങ്ങൾ വിവേകോദയം സ്കൂൾ, ബാനർജി ക്ലബ്, മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ടൗൺഹാൾ, ജില്ലാ പഞ്ചായത്ത് ഹാൾ, മോഡൽ ബോയ്സ് സ്കൂൾ എന്നിവിടങ്ങളിലും നടക്കും. 5000 ത്തോളം കലാകായിക പ്രതിഭകൾ പങ്കെടുക്കും. തൃശൂർ ജില്ലാ പഞ്ചായത്തും സംസ്ഥാന യുവജന ബോർഡും സംയുക്തമായാണ് കേരളോത്സവം സംഘടിപ്പിക്കുന്നത്.

(ശ്രദ്ധിക്കുക: നേരത്തെ അയച്ച സപ്ലൈകോ വാർത്തയുടെ അപ്ഡേറ്റഡ് ഫയൽ)

# സപ്ലൈകോ: സ്റ്റോക്കുകൾ എത്തിത്തുടങ്ങി; പ്രാദേശികസംഭരണം സുഗമം

ജില്ലയിലെ മാവേലി സ്റ്റോറുകളിൽ നവംബർ 27ലെ പർച്ചേസ് ഓർഡർ പ്രകാരം സാധനങ്ങൾ ഔട്ട്ലെറ്റുകളിൽ എത്തിത്തുടങ്ങിയതായി സപ്ലൈകോ അറിയിച്ചു. കൂടാതെ സപ്ലൈകോ മാനേജിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സപ്ലൈകോ ചില്ലറ വിൽപനശാലകളിലെ പ്രാദേശിക സംഭരണവും സുഗമമാകുന്നു. ഇതിന്റെ ഭാഗമായി പ്രാദേശികതലത്തിൽ ഉൽപന്നങ്ങൾ വിതരണക്കാരിൽ നിന്നും ശേഖരിച്ചു വരികയാണ്. 300 വിതരണക്കാരെ ഹെഡ് ഓഫീസ് തലത്തിൽ ലിസ്റ്റ് ചെയ്ത് അംഗീകാരം നൽകിയിട്ടുണ്ട്. ഇതു പ്രകാരം മുമ്പ് ചെയ്തിരുന്നതു പോലെ ഔട്ട്ലെറ്റുകളിൽ നിന്ന് ഓർഡർ എടുത്ത് സപ്ലൈകോയിൽ കൊടുക്കാനുള്ള എല്ലാവിധ സംവിധാനവും ഏർപ്പാടാക്കിയിട്ടുണ്ട്. അവരുടെ ഉത്പന്നങ്ങളുടെ വിൽപന വില സംസ്ഥാന തലത്തിൽ ഏകീകരിച്ച് വിപണനം നടത്താനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക സംഭരണം തടസ്സമില്ലാതെ പുരോഗമിക്കുന്നത്.

ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ബുധനാഴ്ചയാണ് പർച്ചേസ് ഓർഡറായത്. ഓർഡർ പ്രകാരം കടല, ഉഴുന്ന്, മുളക്, മല്ലി, ചെറുപയർ, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട, പച്ചരി എന്നിവ ഔട്ട്ലെറ്റുകളിൽ എത്തിത്തുടങ്ങിയിട്ടുണ്ട്. ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിലെ മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾക്കും ക്ഷാമമാണെന്നും പ്രാദേശിക സംഭരണം നടക്കുന്നില്ലെന്നുമുള്ള രീതിയിൽ വാർത്തകൾ വസ്തുതക്ക് നിരക്കുന്നതല്ലെന്നും സപ്ലൈകോ അധികൃതർ അറിയിച്ചു. സ്റ്റോക്ക് എത്തിയാലും ക്രിസ്മസ് സീസണാകുമ്പോൾ അടുത്ത ക്ഷാമം ഉണ്ടാകുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. അതിനനുസരിച്ച് അധിക സ്റ്റോക്ക് ലഭ്യമാക്കാനുള്ള നടപടികൾ സപ്ലൈകോ സ്വീകരിക്കുമെന്നും അധികൃതർ പറഞ്ഞു.

# 2.75 കോടി ചിലവിൽ ഒളരിയിൽ മത്സ്യ മാർക്കറ്റ്

ഒളരിയിൽ കോർപറേഷൻ പദ്ധതിയുടെ ഭാഗമായി 2.75 കോടി ചിലവിൽ ഇറച്ചി, മത്സ്യ മാർക്കറ്റ് ഒരുങ്ങുന്നു. ഒളരി ചന്ദ്രമതി ആശുപത്രിക്ക് എതിർവശം റോഡരികിലാണ് മൂന്ന് നിലകളിലായി മാർക്കറ്റുയരുന്നത്. അവിടെ നില നിന്നിരുന്ന പഴയ മാർക്കറ്റ് പൊളിച്ചാണ് പരമാവധി ഉപയോഗപ്രദമാക്കി കെട്ടിടം പണിയുന്നത്. 480 ചതുരശ്ര അടിയിലാണ് ബേസ്മെന്റ് നില നിർമിക്കുന്നത്. ആവശ്യാനുസൃതമായ റാമ്പുകളും,ഇവിടെ നിന്നും ബാക്കി നിലകളിലേക്ക് ലിഫ്റ്റും പ്രവർത്തിക്കും. ഗ്രൗണ്ട് ഫ്ളോറിൽ 10 കട മുറികളും 180 ചതുരശ്ര അടിയിൽ പാർക്കിംഗ് സൗകര്യവും ഒരുക്കും. 480 ചതുരശ്ര അടിയിൽ പണി തീർക്കുന്ന ഒന്നാം നിലയിൽ 15 കട മുറികളും ഉണ്ടാകും. മാർക്കറ്റിൽ നിന്നും ദുർഗന്ധം വമിക്കാതിരിക്കാൻ ആവശ്യമായ വെന്റിലേഷൻ സൗകര്യം ഒരുക്കിട്ടിട്ടുണ്ട്. മലിന ജലം ഒഴുക്കി വിടാൻ ആവശ്യമായ ഡ്രൈനേജ് സിസ്റ്റവും ഒരുക്കും. മാലിന്യം സംസ്കരണത്തിന് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഇവിടെ ഒരുക്കിയിരിക്കുന്നു. കടകൾക്കാവശ്യമായ ശുദ്ധ ജല വിതരണവും സജ്ജമാക്കിയിട്ടുണ്ട്.

# സൗജന്യ പരിശീലനം

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള യൂ എൽ സ്കിൽ അക്കാദമി സിവിൽ എൻജിനീറിംഗിന്റെ ഭാഗമായ ബാർ ബെന്റിങ്ങ് ആൻഡ് സ്റ്റീൽ ഫിക്സിങ്ങ് മൂന്ന് മാസത്തെ സൗജന്യ പരിശീലനത്തിനും പെൺകുട്ടികൾക്ക് മാത്രമായി അക്കൗണ്ടിങ് അസിസ്റ്റന്റ് യൂസിങ്ങ് ടാലി സൗജന്യ പരിശീലനത്തിനും അപേക്ഷ ക്ഷണിച്ചു. പരിശീലനം മുസ്ലീം, ക്രിസ്ത്യൻ വിഭാഗക്കാർക്കാണ്. ഫോൺ: 9497214091.

# അന്ധനായ സുരേഷിന് വീടിന് വഴി വേണം ;
# വീടും സ്ഥലവും സന്ദർശിച്ച് കളക്ടർ റിപ്പോർട്ട് തേടി

കാലങ്ങളായി താമസിക്കുന്ന വീടിന് വഴിയില്ലാത്തതിന്റെ ദുരിതമനുഭവിച്ച് ചേർപ്പ് പഞ്ചായത്തിലെ വെളിയത്ത് സുരേഷ് കഴിഞ്ഞ ദിവസമാണ് ജില്ലാ കളക്ടർ എസ് ഷാനവാസിനു മുൻപിൽ പരാതിയുമായി എത്തിയത്. എത്രയും പെട്ടെന്ന് ഒരു പ്രശ്ന പരിഹാരം വേണം എന്നായിരുന്നു സുരേഷിന്റെയും കുടുംബത്തിന്റെയും അഭ്യർത്ഥന. കഴിഞ്ഞ രണ്ടു പ്രളയത്തിലും മാസങ്ങളോളം ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞ അന്ധനായ സുരേഷിനും കുടുംബത്തിനും ഒന്നു പുറത്തിറങ്ങണമെങ്കിൽ പോലും അരകിലോമീറ്റർ ദൂരം വെള്ളക്കെട്ടിലൂടെയും പാടത്തുകൂടിയും നടന്നു പോകണ എന്ന സ്ഥിതി നിലനിൽക്കെ ജില്ലാകളക്ടർ ഇന്നലെ (നവം.28) തന്നെ സുരേഷിന്റെ വീട് സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തി.

ഊരകം വില്ലേജ് ഓഫീസർ വി ജി പ്രസാദ്, സ്പെഷൽ വില്ലേജ് ഓഫീസർ യു ജെ ക്രിസ്പിൻ എന്നിവർക്കൊപ്പമാണ് കളക്ടർ സുരേഷിന്റെ വീട് സന്ദർശിച്ചത്. തുടർന്ന് വില്ലേജ് ഓഫീസറോട് റിപ്പോർട്ട് തേടുകയും ചെയ്തു. ഉടൻ തന്നെ സ്ഥലത്തിന്റെ സ്കെച്ച് സമർപ്പിക്കാനും കളക്ടർ ആവശ്യപ്പെട്ടു. സുരേഷിന്റെ വീടിനു മുന്നിലൂടെ ആറാട്ടുപുഴ ബണ്ടിൽ നിന്നുള്ള ചെറിയ കനാൽ ഒഴുകുന്നുണ്ട്. ഇതിനു മുന്നിലൂടെയുള്ള പാടത്തുകൂടി വഴി രൂപപ്പെടുത്താനുള്ള സാധ്യതയും കളക്ടർ വില്ലേജ് ഓഫീസറോട് ചോദിച്ചറിഞ്ഞു. സുരേഷിന്റെ വീടിനു പിറകുവശത്ത് പകുതി ദൂരത്ത് അവസാനിക്കുന്ന മൂന്ന് മീറ്റർ വലിപ്പത്തിലുള്ള വഴി സുരേഷിന്റെ വീട്ടിലേക്ക് നീട്ടാനുള്ള സാധ്യതയാണ് കളക്ടർ പരിശോധിച്ചത്. റോഡ് സുരേഷിന്റെ വീട്ടിലേക്ക് നീട്ടാനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുമുള്ള സാധ്യതയും കളക്ടർ വില്ലേജ് ഓഫീസറോട് ആരാഞ്ഞു.

ഇതുപ്രകാരം വില്ലേജിൽ നിന്ന് സ്കെച്ച്, മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറോട് കനാലിന്റെ സ്കെച്ച് എന്നിവ ആവശ്യപ്പെട്ട് ഉചിതമായ നടപടിയെടുക്കുമെന്നും കളക്ടർ സുരേഷിനെ അറിയിച്ചു.

അവിവാഹിതനായ സുരേഷ് അനിയനും കുടുംബത്തിനുമൊപ്പമാണ് താമസിക്കുന്നത്.

***അടിക്കുറിപ്പ്: ചേർപ്പ് പഞ്ചായത്തിലെ വഴിയില്ലാത്ത അന്ധനായ സുരേഷിന്റെ വീട് ജില്ലാ കളക്ടർ എസ് ഷാനവാസ് സന്ദർശിക്കുന്നു***